ജീവൻരക്ഷാ ടഗ്ഗുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

104 [267] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലിലകപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷപ്പെടുത്തുന്നതിനുള്ള ജീവൻ രക്ഷാ ടഗ്ഗുകൾ പ്രവർത്തനരഹിതമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജീവൻരക്ഷാ പ്രവർത്തനത്തിന് വാടകയ്ക്കെടുക്കുന്ന ബോട്ടുകൾ പര്യാപ്തമല്ലെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത ബോട്ടുകളുടെ വാടകയിനത്തിൽ ഓരോ വർഷവും എത്ര തുക ചെലവ് ചെയ്തിട്ടുണ്ട്;

(ഡി) പ്രവർത്തക്ഷമമല്ലാത്ത 'കൃഷ്ണ' എന്ന ടഗ്ഗ് റിപ്പയർ ചെയ്ത് പ്രർത്തനക്ഷമമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതിനായി എത്ര തുക ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ഇ) ജീവൻരക്ഷാ പ്രവർത്തനം കുറ്റമറ്റതാക്കാൻ അടിയന്തിരമായി നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഫിഷറീസ് വകുപ്പിന് സ്വന്തമായി ടഗ്ഗുകളില്ല.

(ബി) ജീവൻരക്ഷാ പ്രവർത്തനത്തിന് വാടകയ്ക്ക് എടുത്ത ബോട്ടുകൾ കടൽരക്ഷാ പ്രവർത്തനങ്ങൾക്ക് പര്യാപ്തമാണ്.

(സി) ചെലവായ തുക ചുവടെ ചേർക്കുന്നു:

2001-2002 വർഷം	..	6,13,458 രൂപ
2002-2003 വർഷം	..	16,07,064 രൂപ
2003-2004 വർഷം	..	31,59,171 രൂപ

(ഡി) ഇല്ല. ഓരോ വർഷവും ബോട്ടുകൾ പരിപാലിക്കുന്നതിനായി ഭീമമായ തുക ചെലവഴിക്കേണ്ടി വരുന്നതിനാലും അത്യാവശ്യ സമയത്ത് ഉപയോഗപ്രദമല്ലാതെ വരുന്നതിനാലും പ്രസ്തുത ബോട്ട് ഒഴിവാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

(ഇ) ജീവൻരക്ഷാ പ്രവർത്തനം കുറ്റമറ്റതാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly